No: 2303/MCA/2014/TA2/CEE

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695 001**

# <u>വിജ്ഞാപനം</u>

## <u>2014–15 ലെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (എം.സി.എ) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ</u>

1. കേരളത്തിലെ എ.ഐ.സി.റ്റി.ഇ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ 2014–15 വർഷത്തെ മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (എം.സി.എ) കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**

   a) **നേറ്റിവിറ്റി:** അപേക്ഷകൻ ഇന്ത്യൻ പൗരൻ ആയിരിക്കണം

   b) **വിദ്യാഭ്യാസ യോഗ്യത:**

   അപേക്ഷാർത്ഥികൾ 10+2 പാസായ ശേഷം കുറഞ്ഞത് 3 വർഷം ദൈർഘ്യമുള്ള ഡിഗ്രി കോഴ്സ് മാത്തമാറ്റിക്സ്/സ്റ്റാറ്റിസ്റ്റിക്സ്/കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ്/എഞ്ചിനീയറിംഗ് & ടെക്നോളജി ഇവയിൽ ഏതെങ്കിലും മെയിൻ/സബ്സിഡിയറി/കോർ സബ്ജക്ടായി പഠിച്ച് 50% മൊത്തം മാർക്കോടെ ഡിഗ്രി പരീക്ഷാ പാസായിരിക്കണം. എന്നാൽ എസ്.ഇ.ബി.സി വിഭാഗക്കാരും അംഗവൈകല്യമുള്ളവരും 45% മൊത്തം മാർക്ക് നേടിയാൽ മതി. എസ്.സി/എസ്.ടി വിഭാഗക്കാർ ഡിഗ്രി പരീക്ഷാ പാസായാൽ മതിയാകും.

   ഈ കോഴ്സിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷിക്കുന്നവർ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാലയിൽ നിന്നോ, അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല അംഗീകരിച്ച മറ്റേതെങ്കിലും സർവ്വകലാശാലയിൽ നിന്നോ യോഗ്യതാ പരീക്ഷാ പാസായിരിക്കണം. മേൽപ്പറഞ്ഞ യോഗ്യത പരീക്ഷയ്ക്കുള്ള അവസാന വർഷ പരീക്ഷ ഈ വർഷം എഴുതുന്നവർക്കും/ എഴുതി ഫലം കാത്തിരിക്കുന്നവർക്കും പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. എന്നാൽ അവർ അഡ്മിഷൻ സമയത്ത് പ്രസ്തുത പരീക്ഷ പാസ്സായതിന്റെ സർട്ടിഫിക്കറ്റും പൂർണ്ണമായ മാർക്ക് ലിസ്റ്റുകളും ഹാജരാക്കേണ്ടതാണ്.

3. **പ്രവേശന പരീക്ഷ** : തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ വച്ച് **28.09.2014 ന് (ഞായർ)** രാവിലെ 10.00 മണി മുതൽ ഉച്ചയ്ക്ക് 12.00 മണി വരെ പ്രവേശന പരീക്ഷ നടത്തുന്നതാണ്. മാത്തമാറ്റിക്സ്, സ്റ്റാറ്റിസ്റ്റിക്സ്, ഫിസിക്സ്, കെമിസ്ട്രി, പൊതുവിജ്ഞാനം, ജനറൽ ഇംഗ്ലീഷ്, ബിരുദതലത്തിലുള്ള അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഒബ്ജക്ടീവ് മാതൃകയിലുള്ള 150 ചോദ്യങ്ങളും രണ്ട് മണിക്കൂർ ദൈർഘ്യവും ഉണ്ടായിരിക്കുന്നതാണ്.

4. **അപേക്ഷിക്കേണ്ട വിധം:** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇതിനായി **26.08.2014 മുതൽ 04.09.2014** വൈകുന്നേരം 5 മണി വരെ വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്

5. **അപേക്ഷാ ഫീസ്:** ജനറൽ/ എസ്.ഇ.ബി.സി വിഭാഗത്തിന് 800 രൂപയും പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിന് 400 രൂപയുമാണ് അപേക്ഷാ ഫീസ്. കേരളത്തിൽ നിന്നുള്ള അപേക്ഷകർ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത ചെലാൻ ഉപയോഗിച്ച് എസ്.ബി.റ്റി.യുടെ ഏതെങ്കിലും ഒരു ശാഖയിൽ അപേക്ഷാ ഫീസ് ഒടുക്കേണ്ടതാണ്. കേരളത്തിന് പുറത്ത് നിന്നുള്ള അപേക്ഷകർ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന മേൽപറഞ്ഞ തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷാഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

6. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും:** ഓൺലൈൻവഴി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് എടുത്തശേഷം അതിൽ അപ്‌ലോഡ് ചെയ്തതിന് സമാനമായ പാസ്പോർട്ട്സൈസ് ഫോട്ടോ പതിപ്പിച്ച ശേഷം അത് ഗസറ്റഡ് ഓഫീസറെകൊണ്ട് അറ്റസ്റ്റ് ചെയ്യിക്കണം. തുടർന്ന് അനുബന്ധ രേഖകൾ സഹിതം അപേക്ഷ എ4 സൈസ് കവറിൽ **05.09.2014 വൈകുന്നേരം 5 മണിക്കു മുമ്പ്** രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖേനയോ നേരിട്ടോ, **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം–695001** എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. അപേക്ഷ അടങ്ങിയ കവറിന് പുറത്ത് മുകളിലായി <u>**"എം.സി.എ കോഴ്സ് 2014–15 പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷ"**</u> എന്ന് രേഖപ്പെടുത്തേണ്ടതാണ്.

7. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. തപാൽ ലഭിക്കുന്നതിനുള്ള കാലതാമസത്തിന് കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല. അപൂർണ്ണമായതോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇത് സംബന്ധിച്ച് യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

8. അപേക്ഷ സമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാകമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

9. അപേക്ഷാഫോമിൽ നിശ്ചിതഭാഗത്ത് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ അപേക്ഷാഫോമിനോടൊപ്പം ഉൾകൊള്ളിച്ചിട്ടുള്ള നിശ്ചിത പ്രഫോർമകളിൽ തന്നെ സമർപ്പിക്കേണ്ടതാണ്. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരിഗണിക്കുന്നതല്ല

10. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത അപേക്ഷകർക്ക് അവരുടെ **അഡ്മിറ്റ് കാർഡ് 19.09.2014** മുതൽ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഈ അഡ്മിറ്റ് കാർഡാണ് പരീക്ഷാ ഹാളിൽ കൊണ്ടു വരേണ്ടത്.

11. പ്രവേശന പരീക്ഷാഫലം പ്രസിദ്ധീകരിച്ച ശേഷം റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ, അപേക്ഷകർ രേഖപ്പെടുത്തുന്ന കോളേജുകളുടെ താത്പര്യ മുൻഗണനാ ക്രമമനുസരിച്ച് കോഴ്സിന്റെ പ്രവേശനത്തിനുള്ള കേന്ദ്രീകൃത ഓൺലൈൻ അലോട്ട്മെന്റ് നടത്തുന്നതാണ്. കേന്ദ്രീകൃത അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ വെബ്സൈറ്റിലും പ്രമുഖ ദിനപത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് വ്യക്തിപരമായ അറിയിപ്പുകൾ അയയ്ക്കുന്നതല്ല.

12. 2014-15 എം.സി.എ കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയുടേയും അലോട്ടുമെന്റിന്റേയും വിശദാംശങ്ങളടങ്ങുന്ന പ്രോസ്പെക്ടസ് വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷകർ ഇത് ശ്രദ്ധാപൂർവ്വം വായിക്കേണ്ടതാണ്.

**തിരുവനന്തപുരം**

**25.08.2014**

**പ്രവേശന പരീക്ഷാ കമ്മീഷണർ**